പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 205 **27-10-2026-ൽ മറുപടിയ്ക്ക്**

പോലീസ് സ്റ്റേഷനുകളിലെ സി.സി.ടി.വി. ക്യാമറകളുടെ പ്രവർത്തനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. സജീവ് ജോസഫ്

ശ്രീ. റോയി. കെ. പൗലോസ്

ശ്രീ. പഴകുളം മധു

ശ്രീ. റോണി. കെ. ബേബി

മറുപടി നൽകിയ മന്ത്രി

ശ്രീ. രമേശ് ചെന്നിത്തല

(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും നിലവിൽ സ്ഥാപിച്ചിട്ടുള്ള സി.സി.ടി.വി. ക്യാമറകളുടെ പ്രവർത്തനം ജില്ലാ കൺട്രോൾ റൂമുകൾ വഴി നിരീക്ഷിക്കുന്ന സംവിധാനം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ സ്ഥാപിച്ചിട്ടുള്ള നിരീക്ഷണ ക്യാമറകളുടെ ദൃശ്യങ്ങൾ അതത് ജില്ലാ കൺട്രോൾ റൂമുകളിൽ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത സംവിധാനം നിലവിൽ എത്ര ജില്ലകളിൽ നടപ്പാക്കിയിട്ടുണ്ടെന്നും ശേഷിക്കുന്ന ജില്ലകളിൽ നടപ്പാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ; പ്രവർത്തനരഹിതമായ സി.സി.ടി.വി. ക്യാമറകൾ കണ്ടെത്തുന്നതിനും അവയുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: എല്ലാ ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളിൽ സ്ഥാപിച്ചി ട്ടുള്ള സി.സി.ടി.വി **(CCTV)** ക്യാമറകളുടെ തകരാറുകൾ സംബന്ധിച്ച് അതത് പോലീസ് സ്റ്റേഷനുകളിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ, കൺട്രോൾ റൂമിലെ ലൈവ് സ്ക്രീമിംഗ് നിരീക്ഷണത്തിലൂടെ കണ്ടെത്തുന്ന തകരാറുകൾ, കൂടാതെ പോലീസിലെ ടെലികമ്മ്യൂണിക്കേഷൻ & ടെക്നോളജി വിഭാഗം നടത്തുന്ന പതിവ് പരിശോധനകളിൽ കണ്ടത്തുന്ന സാങ്കേതിക പ്രശ്നങ്ങൾ എന്നിവ സമാഹരിച്ച് യഥാസമയം സർവീസിംഗ് ചുമതലയുള്ള Telecommunications Consultants India Limited (TCIL). അറിയിച്ചു വരുന്നു.

പോലീസ് സ്റ്റേഷനുകളിലെ **CCTV** സംവിധാനങ്ങൾ വാറന്റി പിരിയഡി ലായതിനാൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന സാങ്കേതിക തകരാറുകൾ പരിഹരിക്കുന്ന തിന് ടി ക്യാമറകൾ ഇൻസ്റ്റാൾ ചെയ്ത TCIL കമ്പനിക്ക് നിർദ്ദേശം നൽകുകയും, കമ്പനി അധികൃതർ അവയുടെ അറ്റകുറ്റ പ്പണികൾ സമയബന്ധിതമായി പൂർത്തീ കരിക്കുകയും ചെയ്തു വരുന്നു.

(സി) പ്രസ്തുത സംവിധാനം വഴി കുറ്റകൃത്യങ്ങൾ തടയുന്നതിനും കുറ്റവാളികളെ കണ്ടെത്തുന്നതിനും പോലീസ് നിരീക്ഷണം ശക്തിപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന്

വ്യക്തമാക്കാമോ;

മറുപടി: ബഹു. സുപ്രീംകോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പോലീസ് സ്റ്റേഷനുകളിൽ CCTV ക്യാമറകൾ സ്ഥാപിച്ചിട്ടുള്ളത്.

പോലീസ് സ്റ്റേഷനിലെ ലോക്കപ്പുകൾ, പ്രവേശന കവാടങ്ങൾ, സ്വീകരണ മുറികൾ, ഇടനാഴികൾ തുടങ്ങിയ പ്രധാന സ്ഥലങ്ങളിലെ ദൃശ്യങ്ങൾ തത്സമയം നിരീക്ഷിക്കുന്നതിലൂടെ സുരക്ഷ ഉറപ്പാക്കുന്നതിനും അസ്വാഭാവിക സംഭവങ്ങൾ ഉടനടി കണ്ടെത്തുന്നതിനും കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടവരെ തിരിച്ചറിയുന്നതിനും സ്റ്റേഷൻതല നിരീക്ഷണം ശക്തിപ്പെടുത്തുന്നതിനും സാധിക്കുന്നു. കൂടാതെ പോലീസ് സ്റ്റേഷനുകളുടെ ദൈനംദിന പ്രവർത്തനങ്ങളിൽ സുതാര്യത ഉറപ്പാക്കുന്നതിനും ഈ സംവിധാനം സഹായകരമാണ്.

(ഡി) ജില്ലാ കൺട്രോൾ റൂമുകൾ വഴി സി.സി.ടി.വി. ക്യാമറകൾ നിരീക്ഷിക്കുന്ന സംവിധാനത്തിന്റെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പാക്കുന്നതിനും ക്യാമറകളിൽ പതിയുന്ന ദൃശ്യങ്ങൾ ആവശ്യമായ കാലയളവിൽ സുരക്ഷിതമായി സൂക്ഷിക്കുന്നതിനും മേൽനോട്ട സംവിധാനം ഏർപ്പെടുത്തുമോ; വിശദമാക്കാമോ?

മറുപടി: ജില്ലാ കൺട്രോൾ റൂമുകൾ മുഖേന CCTV നിരീക്ഷണ സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനും ക്യാമറകളിൽ പതിയുന്ന ദൃശ്യങ്ങൾ തടസ്സമില്ലാതെ സൂക്ഷിക്കുന്നതിനുമായി ആവശ്യമായ സ്റ്റോറേജ് (Hard Disks/ Storage Servers) സജ്ജീകരിച്ചിട്ടുണ്ട്. ഇവയുടെ പരിപാലനം CCTV സംവിധാനത്തിന്റെ വാർഷിക പരിപാലന കരാർ (AMC) ചുമതലയുള്ള TCIL മുഖേന നിർവഹിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ